## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :6004 | 19.11.2019-ൽ മറുപടിക്ക്

## സഹകരണ സ്ഥാപനങ്ങളെ ജനോപകാരപ്രദമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, കെ.സി.ജോസഫ്<br>,, ടി.ജെ. വിനോദ്<br>ശ്രീമതി.ഷാനിമോൾ ഉസ്മാൻ | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സഹകരണ സ്ഥാപനങ്ങളെ സംരക്ഷിച്ച് ജനോപകാരപ്രദമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | ● സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനർ ക്രമീകരിച്ച് കുറഞ്ഞ പലിശക്ക് കാർഷിക/കാർഷികേതര വായ്പ നൽകാൻ കഴിയുന്ന ആധുനിക സാങ്കേതിക വിദ്യയോടു കൂടി കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്.<br>● സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിന്റെ ഫലമായി വീടും, സ്വത്തുക്കളും, ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന് സംസ്ഥാന സർക്കാരിനൊപ്പം ചേർന്ന് സഹകരണ വകുപ്പ് ആവിഷ്കരിച്ച നടപ്പാക്കി വരുന്ന പദ്ധതിയാണ് CARe Kerala (Co-Operative Alliance to Rebuild Kerala). കെയർ ഹോം, കെയർ ലോൺ, കെയർ ഗ്രേസ് എന്നീ മൂന്ന് ഉപപദ്ധതികൾ ഉൾപ്പെട്ടതാണ് കെയർ കേരള പദ്ധതി. ഇതിൽ ഏറ്റവും പ്രാധാനപ്പെട്ട പദ്ധതിയാണ് കെയർ |

| | | | |
|---|---|---|---|
| | | | ഹോം. പ്രളയദുരന്തത്തെ തുടർന്ന് വീടുകൾ നഷ്ടപ്പെട്ടവർക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള ഭവനനിർമ്മാണ പദ്ധതിയാണ് കെയർ ഹോം പദ്ധതി. പദ്ധതി-പ്രകാരം സംസ്ഥാനത്തൊട്ടാകെ 2152 വീടുകളാണ് നിർമ്മിച്ചു നൽകുന്നത്.<br>സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. കെയർഹോം പദ്ധതി പ്രകാരം 2019 ഒക്ടോബർ 16 വരെ സംസ്ഥാനത്തൊട്ടാകെ 1841 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു.<br>● സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായും അംഗങ്ങൾക്ക് വർദ്ധിച്ച തോതിൽ ഇളവ് അനുവദിച്ചും നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി ആവിഷ്കരിച്ചു.<br>● സമൂഹത്തിലെ താഴെ തട്ടിലുള്ളവർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും രക്ഷപ്പെടുത്തിക്കൊണ്ട് സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉൾച്ചേർക്കലിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് "മുറ്റത്തെമുല്ല" എന്ന ഗ്രാമീണ ലഘു വായ്പാ പദ്ധതി സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | ● അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് പെരിന്തൽ മണ്ണ ഇ.എം.എസ് സഹകരണ ആശുപത്രിയുടെ നേതൃത്വത്തിൽ ഒരു സമഗ്ര ആരോഗ്യ പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു.<br>● സഹകരണ മേഖലയിൽ, PAPCOS എന്ന സംഘം രൂപീകരിച്ച് നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണിയിൽ എത്തിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.<br>● ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സഹകരണ സ്ഥാപനങ്ങളിലെ ഫണ്ട് ഉപയോഗിച്ച് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കൾക്ക് വീട്ടിൽ നേരിട്ട് എത്തിക്കുന്ന പദ്ധതി, കെ.എസ്.ആർ.ടി.സി. പെൻഷൻ പദ്ധതി എന്നിവ സംസ്ഥാനത്തെ സഹകരണബാങ്കുകൾ/സംഘങ്ങൾ വഴി നടപ്പിലാക്കി വരുന്നു.<br>● കാർഷിക വായ്പയും കാർഷിക ഉത്പാദനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ സംയുക്ത പങ്കാളിത്തത്തോടുകൂടിയ ബൃഹത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | രാഷ്ട്രീയ ഇടപെടൽ കാരണം സഹകരണ സ്ഥാപനങ്ങൾ പലതും അഡ്മിനിസ്ട്രേറ്റർ ഭരണത്തിൽ ആകുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (ബി) | രാഷ്ട്രീയ ഇടപെടൽ മൂലം കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങളോ സംസ്ഥാന സഹകരണ ബാങ്കോ, ജില്ലാ സഹകരണ ബാങ്കുകളോ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലായിട്ടില്ല. |
| (സി) | പ്രസ്തുത നടപടി സാമൂഹ്യമായി ഉണ്ടാക്കുന്ന പ്രത്യാഘാതത്തെ പറ്റി പരിശോധിച്ചിട്ടുണ്ടോ; | (സി) | ബാധകമല്ല. |

| | | | |
|---|---|---|---|
| (ഡി) | കേരള ബാങ്ക് രൂപീകരണത്തിനായി ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ജില്ലാ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിച്ചത് ജില്ലാ സഹകരണ ബാങ്കുകൾക്ക് ഗുണകരമായിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഗുണകരമായിട്ടുണ്ട്. സംസ്ഥാന സഹകരണബാങ്ക് ഉയർന്ന ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ മേഖലയെ ത്രിതല ഘടനയിൽ നിന്നും ദ്വിതല ഘടനയിലേക്ക് മാറ്റുന്നതിന്റെ ഭാഗമായാണ് ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്. ലയന നടപടി പൂർത്തിയായിട്ടില്ല. ഹ്രസ്വകാല വായ്പ-മേഖലയുടെ സമൂല പരിവർത്തനവും പുരോഗതിയുമാണ് ഇതിലൂടെ ലക്ഷ്യമാക്കിയിട്ടുള്ളത്. ഇടപാടുകാർക്ക് ജില്ലാ സഹകരണ ബാങ്കിൽ നിന്നും ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്ന എല്ലാ സേവനങ്ങളും നിർദ്ദിഷ്ട കേരള ബാങ്കിൽ നിന്നും തുടർന്നും ലഭിക്കുന്നതാണ്. കൂടാതെ ജില്ലാ സഹകരണ ബാങ്കുകൾക്ക് ഇപ്പോൾ നൽകി വരുന്നതിനേക്കാൾ കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ഇടപാടുകാർക്ക് നൽകാനും കൂടുതൽ കാര്യക്ഷമമായ രീതിയിൽ നിർദ്ദിഷ്ട കേരള ബാങ്കിന് പ്രവർത്തിക്കുന്നതിനും കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**